പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1676 — 14.12.2012-ൽ മറുപടിക്ക്

മാലിന്യസംസ്കരണ പദ്ധതികൾക്ക് എം.എൽ.എ.ഫണ്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ. കെ. ലതിക | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) പഞ്ചായത്ത് തലത്തിൽ എന്തെല്ലാം മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് എന്തെല്ലാം സാമ്പത്തിക സഹായമാണ് നൽകിവരുന്നത് എന്നും വ്യക്തമാക്കുമോ; | എ) ഗ്രാമ പഞ്ചായത്തുകളിൽ പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങളായി കമ്പോസ്റ്റിംഗ് സംവിധാനം, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനും സ്രോതസ്സിൽ തന്നെ മാലിന്യത്തിന്റെ അളവു കുറയ്ക്കൽ, സ്രോതസ്സിലുള്ള മാലിന്യം തരംതിരിവ്, പുനരുപയുക്ത മാലിന്യങ്ങളുടെ ശേഖരണവും വിൽപനയും, ജൈവ മാലിന്യങ്ങളുടെ ഗാർഹിക തലത്തിലുള്ള സംസ്കരണം, വികേന്ദ്രീകൃത ഖരമാലിന്യ പരിപാലന സംവിധാനമൊരുക്കുന്നതിന്റെ ഭാഗമായി ചന്തകൾ, ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയ സ്ഥലങ്ങളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ തുടങ്ങിയ പ്രവർത്തങ്ങളാണ് നടത്തി വരുന്നത്.<br>ഖരമാലിന്യ സംസ്ക്കരണത്തിന് പൊതു സംവിധാനം ഏർപ്പെടുത്തുന്നതിനായി മൂലധന ചെലവിന്റെ 75% തുകയോ പരമാവധി 35 ലക്ഷം രൂപയോ ലഭ്യമാക്കിവരുന്നു. ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വീടുകളിൽ സ്ഥാപി |

ക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾക്ക് 75 % (50% ശുചിത്വ മിഷൻ 25% തദ്ദേശസ്വയം ഭരണസ്ഥാപനം) കമ്പോസ്റ്റിംഗ് രീതി കൾക്ക് 90% (75% ശുചിത്വ മിഷൻ 15% തദ്ദേശ സ്വയം ഭരണ സ്ഥാപനം) തുകയും സബ്സിഡിയായി നൽകി അവ പ്രോത്സാഹിപ്പിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനും ഊന്നൽ നൽകി വരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയാണ് ശുചിത്വ മിഷനിൽ നിന്നുള്ള സാമ്പത്തിക സഹായം ജനങ്ങൾക്ക് ലഭ്യമാക്കി വരുന്നത്.

| | |
|---|---|
| ബി) ഇത്തരം മാലിന്യ നിർമ്മാർജ്ജനപദ്ധതികൾക്ക് എം.എൽ.എ ഫണ്ട് അനുവദിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുമോ? | ബി) ഇത്തരം മാലിന്യ നിർമ്മാർജ്ജനപദ്ധതികൾക്ക് നിലവിൽ ശുചിത്വമിഷൻ മുഖേന ഫണ്ട് അനുവദിച്ചു വരുന്നതിനാൽ എം.എൽ.എ ഫണ്ട് ടി ആവശ്യത്തിലേക്കായി അനുവദിക്കേണ്ടതുണ്ടെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ